I ഇ.ബി. XV - കേരള നിയമസഭ/I-10

# പതിനഞ്ചാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2021 ജൂൺ 8, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. റൂളിംഗ്

ചോദ്യത്തിനുള്ള നോട്ടീസിന് അനുമതി നൽകിയതിലെ വീഴ്ച

മി. സ്പീക്കർ: ജൂൺ മാസം 7-ാം തീയതി സഭ മുമ്പാകെ വന്ന നക്ഷത്രചിഹ്നമിട്ട മൂന്നാം നമ്പർ ചോദ്യത്തിനുള്ള നോട്ടീസിന് അനുമതി നൽകിയ വേളയിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയില്ലെന്നും ചോദ്യങ്ങളിലെ ഉള്ളടക്കം നിയമസഭാ നടപടിച്ചട്ടങ്ങളുടെ ലംഘനമായതിനാൽ അന്നേ ദിവസത്തെ ലിസ്റ്റിൽനിന്നും പ്രസ്തുത ചോദ്യം ഒഴിവാക്കണമെന്നും കാണിച്ച്

ശ്രീ. കെ. ബാബുവും (തൃപ്പൂണിത്തുറ) ശ്രീ. പി. ടി. തോമസും കത്ത് നൽകുകയും പ്രതിപക്ഷനേതാവ് ചോദ്യോത്തരവേള ആരംഭിക്കുന്നതിനുമുമ്പ് സഭയിൽ വിഷയം ഉന്നയിക്കുകയും ചെയ്തിരുന്നു. നിയമസഭാ നടപടിച്ചട്ടങ്ങളിലെ ചട്ടം 36(2) "എ മുതൽ യു" വരെയുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ചോദ്യങ്ങൾ സംബന്ധിച്ച നോട്ടീസുകൾക്ക് അനുമതി നൽകിയിരുന്നത്. അപ്രകാരം ലഭിക്കുന്ന നോട്ടീസുകളിൽ പലപ്പോഴും വാദങ്ങളോ, അഭ്യൂഹങ്ങളോ, ആരോപണങ്ങളോ, വിശേഷണങ്ങളോ, അപകീർത്തിപരമായ സ്റ്റേറ്റുമെന്റുകളോ കടന്നുകൂടാറുണ്ട്. അത്തരം പ്രയോഗങ്ങൾ ഒഴിവാക്കിയാണ് അന്തിമമായി ചോദ്യങ്ങൾക്ക് അനുമതി നൽകുന്നതെങ്കിലും പലപ്പോഴും ചോദ്യകർത്താക്കൾ അതിനെതിരെ പരാതിപ്പെടുന്ന സാഹചര്യങ്ങളും ഉണ്ടാകാറുണ്ട്. പരാമർശ വിധേയമായ ചോദ്യത്തിനുള്ള നോട്ടീസ് പരിശോധിച്ച് അനുമതി നൽകുന്ന കാര്യത്തിൽ വേണ്ടത്ര അവധാനത പുലർത്തിയില്ലെന്ന ആക്ഷേപം പരിശോധിച്ചതിൽ മനപ്പൂർവ്വമല്ലാത്ത വീഴ്ച നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതായി മനസ്സിലാക്കുന്നു. കോവിഡ് വ്യാപന കാലമായതിനാൽ മിതമായ സ്റ്റാഫുകളുടെ സേവനം മാത്രമാണ് ഈ സമ്മേളനകാലത്ത് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമായിരുന്നത്. ചോദ്യങ്ങൾ അഡ്മിറ്റ് ചെയ്യുന്ന കാര്യത്തിൽ ഇനിമുതൽ ജാഗ്രത പുലർത്തേണ്ടതാണെന്നും ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കുന്നതിനെതിരെ

കർശന നടപടി സ്വീകരിക്കുന്നതാണെന്നുമുള്ള അറിയിപ്പ് ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് നൽകുന്നതാണ്. ചോദ്യങ്ങൾക്ക് നോട്ടീസ് തയ്യാറാക്കുന്ന അംഗങ്ങളും ചട്ടം നിഷ്കർഷിക്കുന്ന വിധത്തിൽ സമർപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

## II. അടിയന്തരപ്രമേയം

വനം കൊള്ള

മി. സ്പീക്കർ: വയനാട് മുട്ടിൽ സൗത്ത് വില്ലേജിലടക്കം സർക്കാരിലേയ്ക്ക് റിസർവ് ചെയ്ത കോടിക്കണക്കിന് രൂപയുടെ ഈട്ടിത്തടികൾ അനധികൃതമായി കൊള്ള നടത്തിയവരെയും കൂട്ടുനിന്ന ഉദ്യോഗസ്ഥരെയും സംരക്ഷിക്കുന്ന സർക്കാർ നടപടിമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവ ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പി. ടി. തോമസ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വയനാട് മുട്ടിൽ സൗത്ത് വില്ലേജിൽ അനധികൃതമായി ഈട്ടിത്തടികൾ മുറിച്ചുകടത്തിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂപതിവ് ചട്ടപ്രകാരം പതിച്ചുനൽകിയ റവന്യൂ ഭൂമിയിൽനിന്നും സർക്കാരിലേയ്ക്ക് നിഷിപ്തമാക്കിയ ഏകദേശം 10 കോടിയോളം

രൂപ വിലവരുന്ന 101 മരങ്ങളാണ് റവന്യൂ വകുപ്പിൽനിന്നുള്ള പരിപത്രവും സർക്കാർ ഉത്തരവും ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് മുറിച്ചതായി കണ്ടെത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് 42 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുറിച്ച തടികൾ കടത്തിക്കൊണ്ടുപോകുന്നതിന് മേപ്പാടി റേഞ്ച് ഓഫീസർ മുമ്പാകെ ലഭിച്ച അപേക്ഷകൾക്ക് അനുമതി നിഷേധിച്ചുവെങ്കിലും 30-02-2021-ന് പെരുമ്പാവൂരിലേയ്ക്ക് തടികൾ കടത്തിയതായി കണ്ടെത്തുകയും മേപ്പാടി റേഞ്ച് ഫോറസ്റ്റ് ഓഫീസറും സംഘവും അവ മുഴുവൻ പിടിച്ചെടുക്കുകയുമുണ്ടായി. കേരള വനം നിയമം 61(എ) പ്രകാരം തടി സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പതിച്ചുനൽകിയ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനെതിരായ കേസന്വേഷണം പൂർത്തിയാക്കി ഉടൻതന്നെ കോടതിയിൽ ചാർജ് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. സംസ്ഥാനവ്യാപകമായി ഇത്തരം മരംമുറിക്കൽ നടന്നിട്ടുണ്ടോയെന്ന് അന്വേഷിക്കുന്നതിനായി വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സിന്റെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് മിന്നൽ പരിശോധന നടത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കോഴിക്കോട് വിജിലൻസ് കൺസർവേറ്ററുടെ താൽക്കാലിക ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥൻ കേസന്വേഷണം വഴിതിരിച്ചുവിടാൻ ശ്രമിക്കുന്നുവെന്ന പരാതി സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട്

സമർപ്പിക്കാൻ പി.സി.സി.എഫ്.നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. പി. ടി. തോമസ്</u>: വയനാട് മുട്ടിൽ സൗത്ത് വില്ലേജടക്കം നിരവധി പ്രദേശങ്ങളിൽ വ്യാപകമായ വനംകൊള്ള നടക്കുകയാണ്. പ്രദേശത്തെ ആദിവാസികളെയും കൃഷിക്കാരെയും കബളിപ്പിച്ചാണ് നൂറ്റാണ്ടുകൾ പഴക്കമുള്ള ഈട്ടിത്തടികൾ വനംകൊള്ളക്കാർ അനധികൃതമായി മുറിച്ചുകടത്തിയത്. ഇതുസംബന്ധിച്ച് 42 കേസുകൾ രജിസ്റ്റർ ചെയ്തെങ്കിലും ആരെയും അറസ്റ്റ് ചെയ്യാനോ തടികൾ കണ്ടുകെട്ടാനോ കഴിഞ്ഞിട്ടില്ല. വ്യാപകമായി ഈട്ടിത്തടി വെട്ടുന്ന വിവരം മേപ്പാടി റേഞ്ച് ഓഫീസർ ബന്ധപ്പെട്ടവരെ അറിയിച്ചെങ്കിലും യാതൊരു നടപടിയുമുണ്ടായില്ല. വനംകൊള്ളക്കാരായ പ്രതികളെ അറസ്റ്റ് ചെയ്യാത്തതും മുറിച്ച ഈട്ടിത്തടി കസ്റ്റഡിയിലെടുക്കാതെ അന്വേഷണം പ്രഖ്യാപിച്ചതും കർഷകരുടെ നിയമാനുസൃതമായ മരംമുറിക്കലിനെക്കൂടി അന്വേഷണ പരിധിയിൽകൊണ്ടുവന്നതും പ്രതികളെ രക്ഷിക്കാനാണ്. മരംമുറിക്കലുമായി ബന്ധപ്പെട്ട ഫയൽ റവന്യൂ വകുപ്പിൽ രൂപംകൊണ്ടതെങ്ങനെയെന്ന് പരിശോധിക്കണം. ഈ സംഭവവുമായി ബന്ധപ്പെട്ടവരെ കണ്ടെത്താനും എസ്.സി/എസ്.റ്റി (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) നിയമമനുസരിച്ച് കേസെടുക്കാനും പ്രതികളെ അറസ്റ്റ് ചെയ്ത് തൊണ്ടിമുതൽ കണ്ടെടുക്കാനും ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്താനും സർക്കാർ

തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. ടി. സിദ്ദിഖ്: മരംമുറിച്ച സംഭവത്തിൽ ആദിവാസികളെ പ്രതി ചേർത്ത് യഥാർത്ഥ പ്രതികളെ രക്ഷപ്പെടുത്താനാണ് ശ്രമിക്കുന്നത്. 03-02-2021-ന് തടികൾ ലോറിയിൽ കയറ്റുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ വനംവകുപ്പ് ഉദ്യോഗസ്ഥരെ ഫോണിൽ അറിയിച്ചെങ്കിലും യാതൊരു നടപടിയുമുണ്ടായില്ല.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മുറിച്ചു മാറ്റിയ തടികൾ സർക്കാരിന് ലഭ്യമാകും. വനംകൊള്ളക്കാരെ രക്ഷപ്പെടാൻ ഈ സർക്കാർ അനുവദിക്കുകയില്ല. നിരപരാധികളായ കർഷകരും ആദിവാസികളും ശിക്ഷിക്കപ്പെടുകയില്ല. കർഷകരെ സഹായിക്കാനായി വനം വകുപ്പിറക്കിയ ഉത്തരവ് ദുരുപയോഗം ചെയ്തിട്ടുണ്ട്. വനവിസ്തൃതി വർദ്ധിപ്പിക്കാനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർക്കാർ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് കൊള്ള നടത്തുന്ന ഉന്നതരാരായാലും ശിക്ഷിക്കപ്പെടും. കെ.എൽ.സി. ആക്ട്, വനം നിയമം, ക്രിമിനൽ കോൺസ്പിറൻസി ആക്ട്, എസ്.സി. & എസ്.ടി. (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് എന്നിവ പ്രകാരം നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ

കർശനനിലപാടുകളുമായി സർക്കാർ മുന്നോട്ടുപോകും.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

## III. ശ്രദ്ധക്ഷണിക്കൽ

(1) നിർമ്മാണമേഖലയിലെ പ്രതിസന്ധി

ശ്രീ. എം. രാജഗോപാലൻ: നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും ക്രമാതീതമായ വിലക്കയറ്റവുംമൂലം നിർമ്മാണത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും കൺസ്യൂമർഫെഡ് ഉൾപ്പെടെയുള്ള സഹകരണസ്ഥാപനങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി നിർമ്മാണസാമഗ്രികളുടെ വില നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): തുടർച്ചയായുണ്ടാകുന്ന ഇന്ധന വിലവർദ്ധനവിന്റെ ഭാഗമായി വിവിധ നിർമ്മാണ സാമഗ്രികൾക്ക് അഖിലേന്ത്യാതലത്തിൽ വില വർദ്ധിച്ചിട്ടുണ്ട്. ലോക്ക്ഡൗൺ

കാലയളവിൽ നിർമ്മാണ മേഖലയ്ക്ക് ഇളവ് നൽകുകയും കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് പ്രത്യേക ധനസഹായത്തിനായി ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ രംഗത്ത് സഹകരണമേഖലയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(2) യു.ജി.സി. അംഗീകാരം ലഭ്യമാക്കൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ച് സംസ്ഥാനത്തെ സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകൾക്ക് പെർമനന്റ് അഫിലിയേഷൻ നൽകി റൂസ (RUSA) ഉൾപ്പെടെയുള്ള കേന്ദ്രപദ്ധതികളിൽ പ്രഖ്യാപിച്ചിട്ടുള്ള സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): സർവ്വകലാശാലകളുടെ ആക്ടും സ്റ്റാറ്റ്യൂട്ട്സും പ്രകാരം നിലവിൽ സ്വാശ്രയ കോളേജുകൾക്ക് പെർമനന്റ് അഫിലിയേഷൻ അനുവദിക്കാൻ കഴിയില്ല. സ്വാശ്രയ കോളേജുകളിലെ ഭൗതിക സാഹചര്യങ്ങളും അക്കാദമിക ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി സർവ്വകലാശാലയുടെ മേൽനോട്ടവും നിരീക്ഷണവും ആവശ്യമായതിനാൽ നിലവിലെ രീതി തുടരുന്നതാണ് ഉചിതം.

വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതും അഫിലിയേഷനും തമ്മിൽ യാതൊരു ബന്ധവുമില്ല. സ്വാശ്രയ കോളേജുകൾക്ക് പെർമനന്റ് അഫിലിയേഷൻ നൽകുന്നത് സംബന്ധിച്ച് വിശദമായ പരിശോധനയും നയപരമായ തീരുമാനവും ആവശ്യമാണ്.

## IV. സബ്മിഷൻ

### 1. വായ്പ കുടിശ്ശിക തിരിച്ചടവ്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): കുടുംബശ്രീ/വാഹന വായ്പകളുടെ കുടിശ്ശിക തിരിച്ചടവിന് സാവകാശം നൽകുന്നതിനും ലോക്ഡൗൺ കാലയളവിലെ വാഹന നികുതി റദ്ദാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മോറട്ടോറിയം പ്രഖ്യാപിക്കണമെന്നും മോറട്ടോറിയം കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഹ്രസ്വകാല കാർഷിക വായ്പയെടുത്തിട്ടുള്ള കർഷകർക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴപ്പലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം റിസർവ് ബാങ്ക് ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്.

പ്രാഥമിക സംഘങ്ങളുടെ ലോണുകൾക്ക് നിശ്ചിത കാലയളവിൽ മോറട്ടോറിയം ഏർപ്പെടുത്തുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതും വാഹന നികുതിയെ സംബന്ധിച്ച വിഷയം പരിശോധിക്കുന്നതുമാണ്.

2. കിഫ്ബി ലാന്റ് അക്വിസിഷൻ ഓഫീസിന്റെ പ്രവർത്തനം

ശ്രീമതി സി. കെ. ആശ: വൈക്കത്തെ കിഫ്ബി ലാന്റ് അക്വിസിഷൻ ഓഫീസിന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കോട്ടയം ജില്ലയിലെ വിവിധ കിഫ്ബി പ്രോജക്ടുകളുടെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾക്കായി 17 തസ്തികകൾ അടങ്ങിയ ഒരു സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) യൂണിറ്റ് വൈക്കം താലൂക്കിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നവരെ തിരിച്ച് വിളിക്കുകയോ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ പുതിയതായി നിയമനം നടത്തിയോ ഓഫീസിന്റെ പ്രവർത്തനം സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആവശ്യമായ ഫർണിച്ചറുകളും കമ്പ്യൂട്ടറുകളും ലഭ്യമാക്കുന്നതിന് ഇൻവോയ്സ് സമർപ്പിക്കാൻ സ്പെഷ്യൽ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. കടൽഭിത്തി നിർമ്മാണം

ശ്രീ. വി. ജോയി: ഇടവ ഗ്രാമപഞ്ചായത്തിലെ വെറ്റക്കട മുതൽ ഓടയം വരെ കടൽഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): വർക്കല നിയോജകമണ്ഡലത്തിൽ അഞ്ച് കിലോ മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുകയും കടലാക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ കടൽഭിത്തികളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി വരികയുമാണ്. കല്ല് കിട്ടാനുള്ള ബുദ്ധിമുട്ടും പ്രവൃത്തി ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ തയ്യാറാകാത്തതും പ്രസ്തുത പ്രവൃത്തി തടസ്സപ്പെടാനിടയായിട്ടുണ്ട്. വെറ്റക്കട ഭാഗത്ത് മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾ സൂക്ഷിക്കുന്ന കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന് രണ്ടര ലക്ഷം രൂപയുടെ ജിയോബാഗ് പ്രവൃത്തി നടന്നു വരികയും കൂടാതെ കടൽഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

4. വന്യമൃഗശല്യം

ശ്രീ. എ. പി. അനിൽ കുമാർ: വണ്ടൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ വന്യമൃഗശല്യം അവസാനിപ്പിക്കുന്നതിനും വന്യമൃഗാക്രമണത്തിൽ കൊല്ലപ്പെട്ട ഷാജിയുടെ കുടുംബത്തിന് ആശ്രിതനിയമനം

നൽകുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വന്യമൃഗാക്രമണത്തിൽ മരണപ്പെട്ട ഷാജിയുടെ കുടുംബത്തിന് 5 ലക്ഷം രൂപ അനുവദിക്കുകയും നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മറ്റ് സഹായം നൽകുന്നതുമാണ്. വന്യജീവി ആക്രമണം തടയുന്നതിന് നിലമ്പൂർ സൗത്ത് ഡിവിഷനിൽ എലിഫന്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. ഷാജിയുടെ കുടുംബത്തിന് ആശ്രിതനിയമനം നൽകാനുള്ള നടപടി സ്വീകരിക്കുന്നതിനും വനമേഖല ഉൾപ്പെടുന്ന നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരെ പങ്കെടുപ്പിച്ചുകൊണ്ട് റേഞ്ച്/ഡിവിഷൻ തലങ്ങളിൽ യോഗം ചേരുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

5. ഭൂമി ഏറ്റെടുക്കൽ

ഡോ. സുജിത് വിജയൻപിള്ള: സ്പെഷ്യൽ തഹസീൽദാരുടെ ഓഫീസ് പുനഃസ്ഥാപിച്ച് ചവറ കെ.എം.എം.എൽ.-ന് സമീപമുള്ള ഭൂമിയേറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): കെ.എം.എം.എൽ.-ന്റെ പ്രവർത്തനംമൂലം മലിനീകരിക്കപ്പെട്ട ഭൂമി കമ്പനിയുടെ ഭാവി പ്രവർത്തനങ്ങൾക്ക് ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയെങ്കിലും

തദ്ദേശവാസികൾ ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് കോടതിവിധിയുടെ അടിസ്ഥാനത്തിലും സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി തീരുമാനപ്രകാരവും ബാക്കി ഭൂമി 2013-ലെ എൽ.എ.ആർ.ആർ ആക്ടുപ്രകാരം ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഒന്നാംഘട്ടമെന്ന നിലയിൽ മലിനീകരിക്കപ്പെട്ട 76.2 ഏക്കർ ഭൂമിയുടെ ഏരിയ നിർണ്ണയിക്കുന്നതിനും വില പുനർനിർണ്ണയിച്ച് നൽകുന്നതിനും കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## 6. പ്രീ-പ്രൈമറി അദ്ധ്യാപകരുടെ വേതനം

ശ്രീ. ഡി. കെ. മുരളി: സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും വേതനവും കുട്ടികൾക്ക് ഉച്ചഭക്ഷണവും നൽകുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പ്രീ-പ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും ഓണറേറിയം 1,000 രൂപ വർദ്ധിപ്പിച്ചെങ്കിലും 2012-ലെ ഉത്തരവിൽ എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സ്കൂളുകളുടെ കാര്യം പരാമർശിക്കാത്തതിനാൽ അതിനുശേഷം നിയമിതരായ അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം നൽകാൻ കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. 2012-നുശേഷം ആരംഭിച്ച പ്രീ-പ്രൈമറി സ്കൂളുകളിലെ

കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

(7) റോഡ് നിർമ്മാണം

ശ്രീമതി ശാന്തകുമാരി കെ.: മുണ്ടൂർ-ത്തൂത റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മുണ്ടൂർ-ത്തൂത റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ രൂപകൽപ്പന വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. ലഭ്യമായ ഡിസൈൻ അനുസരിച്ചുള്ള ഓട നിർമ്മാണം പുരോഗമിക്കുന്നതും നിലവിലുള്ള ജലവിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുള്ളതുമാണ്. ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് കെ.എസ്.ഇ.ബി.-യിൽനിന്നുള്ള എസ്റ്റിമേറ്റും മരം മുറിക്കുന്നതിന് വനം വകുപ്പിന്റെ അനുമതിയും ലഭ്യമാക്കി സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(8) അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. അനൂപ് ജേക്കബ്: മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കി പുതുക്കിയ ഭരണാനുമതി നൽകി ടെണ്ടർ ക്ഷണിക്കുകയും കരാറുകാരനുമായി കൂടിയാലോചന നടത്തി തുക കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(9) പാലം നിർമ്മാണം

ശ്രീ. പി. പി. സുമോദ്: ഞാവളിങ്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പെരിങ്ങോട്ടുകുറിശ്ശി-പാമ്പാടി-ലക്കിടി-കൂട്ടുപാത-പത്തിരിപ്പാല റോഡിന്റെയും പെരിങ്ങോട്ടുകുറിശ്ശി-കോട്ടായി-വാവുള്ളിയാൽ-മലങ്കര-പത്തിരിപ്പാല റോഡിന്റെയും പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരുന്നു. ലക്കിടി പേരൂർ വില്ലേജിലെ നിലം പരിവർത്തനത്തിന് അനുമതി ലഭിക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുപ്പിനായി നൽകിയ സർക്കാർ ഉത്തരവ് റീ-വാലിഡേറ്റ് ചെയ്യുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. റവന്യൂ വകുപ്പ് സ്ഥലമേറ്റെടുത്ത് നൽകുന്ന മുറയ്ക്ക് പ്രവൃത്തികൾ യാഥാർത്ഥ്യമാക്കുന്നതാണ്.

(10) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: വേങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഓക്സിജൻ സൗകര്യവും എക്സ്റേ യൂണിറ്റും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): വേങ്ങര സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഓക്സിജൻ സൗകര്യമുള്ള 35 കിടക്കകളും 5 ഐ.സി.യു. കിടക്കകളും ഒരു വെന്റിലേറ്ററും നിലവിലുണ്ട്. കോവിഡ് രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്ന സാഹചര്യത്തിൽ ഓക്സിജൻ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മെഷീൻ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതുമാണ്.

## V. ക്രമപ്രശ്നം

(1) ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മീഷൻ റിപ്പോർട്ട്

ശ്രീ. സി. ആർ. മഹേഷ്: 2016 ജൂലൈ 20-ന് ഹൈക്കോടതി പരിസരത്ത് വച്ച് അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തെത്തുടർന്നുള്ള സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് നിയോഗിച്ച ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മീഷൻ 2020 ജൂൺ 30-ന് സമർപ്പിച്ച റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതിൽ കാലതാമസമുണ്ടയത് നിയമലംഘനമാണ്. ഇതുസംബന്ധിച്ച്

റൂളിംഗ് ഉണ്ടാകണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 30.6.2020-ന് സർക്കാരിൽ സമർപ്പിച്ച ജസ്റ്റിസ് ശ്രീ. പി. എ. മുഹമ്മദ് കമ്മീഷൻ റിപ്പോർട്ടിലെ പരിഗണനാ വിഷയങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് സമ്പൂർണ്ണ നടപടി റിപ്പോർട്ട് തയ്യാറാക്കാൻ കൂടുതൽ പരിശോധന ആവശ്യമായിരുന്നു. കോവിഡ് മഹാമാരിമൂലം ഓഫീസുകളുടെ പ്രവർത്തനം തടസ്സപ്പെട്ടതിനാലും നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും നടപടിക്രമങ്ങൾ പൂർത്തിയാക്കി കമ്മീഷൻ റിപ്പോർട്ടും നടപടി റിപ്പോർട്ടും നിയമസഭ മുൻപാകെ സമർപ്പിക്കാൻ സാധിച്ചില്ല. നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തിയാക്കി റിപ്പോർട്ടും ആക്ഷൻ ടേക്കൺ റിപ്പോർട്ടും അടുത്ത സഭാ സമ്മേളനത്തിൽ സമർപ്പിക്കുന്നതാണ്.

(2) നിയമസഭാ ചട്ടങ്ങളുടെ മലയാളം തർജ്ജമ

ശ്രീ. എ. പി. അനിൽകുമാർ: 2019-ൽ പുതുക്കി പ്രസിദ്ധീകരിച്ച കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ എന്ന പുസ്തകത്തിൽ "ഇത് മൂലഭാഷയായ ഇംഗ്ലീഷിലുള്ള ചട്ടങ്ങളുടെ പരിഭാഷ മാത്രമായതിനാൽ നിയമപ്രകാരമുള്ള ആധികാരിക രേഖയല്ല" എന്ന് പറയുന്നുണ്ട്. ഇത് ഔദ്യോഗിക ഭാഷയായ മലയാളത്തെ അപമാനിക്കുന്ന പരാമർശമായതിനാലും

ചട്ടം 305-ൽ മലയാള ഭാഷ വളരെ വ്യക്തമായി ഉപയോഗിക്കുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളതിനാലും നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണത്തിൽ പറഞ്ഞിട്ടുള്ള 'ആധികാരിക രേഖയല്ല' എന്ന ഭാഗം നീക്കം ചെയ്യണം.

**റൂളിംഗ്**

മി. സ്പീക്കർ: ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടികൾ പൂർത്തീകരിച്ച് അടുത്ത സമ്മേളനത്തിൽത്തന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതാണെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി. ആർ. മഹേഷ് ഉന്നയിച്ച ക്രമപ്രശ്നം തീർപ്പാക്കുകയാണ്.

1956-ലെ സ്റ്റേറ്റ്സ് റീ-ഓർഗനൈസേഷൻ ആക്ടിലെ പ്രൊവിഷൻ അനുസരിച്ചാണ് 1954-ൽ നിലവിൽ വന്ന ചട്ടങ്ങൾ കേരള നിയമസഭയുടെ നടപടിച്ചട്ടങ്ങളായി അംഗീകരിക്കപ്പെട്ടത്. അപ്രകാരം അംഗീകാരം നല്കിയ ചട്ടങ്ങളുടെ ഒറിജിനൽ ടെക്സ്റ്റ് ഇംഗ്ലീഷ് ഭാഷയിലായിരുന്നതിനാലാണ് സഭാ ചട്ടങ്ങളുടെ ആധികാരിക ടെക്സ്റ്റ് ഇന്നും ഇംഗ്ലീഷായി തുടർന്നുവരുന്നത്. മലയാള ഭാഷയിൽ ഉപയോഗിച്ചുവരുന്നത് ഇംഗ്ലീഷിൽനിന്നും മലയാള തർജ്ജമ ചെയ്ത വേർഷൻ മാത്രമായതിനാൽ അത് ആധികാരികമാണെന്ന് പറയാനാവില്ല. നിയമ വകുപ്പ് തയ്യാറാക്കിയ പ്രസ്തുത പരിഭാഷയുടെ ഏതെങ്കിലും വ്യവസ്ഥ വ്യാഖ്യാനിക്കുന്ന

വേളയിൽ ഒറിജിനൽ ടെക്സ്റ്റുമായി വൈരുദ്ധ്യമുണ്ടാകുന്നപക്ഷം ഇംഗ്ലീഷ് ടെക്സ്റ്റിനായിരിക്കും മുൻതൂക്കം എന്ന നിയമപരമായ മുന്നറിയിപ്പാണ് മലയാളം പരിഭാഷയുടെ ആമുഖത്തിൽ ചേർത്തിരിക്കുന്നത്. ഔദ്യോഗിക ഭാഷയായ മലയാളത്തിന്റെ പ്രാധാന്യത്തെയോ പ്രാമുഖ്യത്തെയോ ഈ പ്രയോഗം ഒരു തരത്തിലും ഹനിക്കുന്നില്ല. ഇന്ത്യൻ ഭരണഘടനയുടെയും കാലാകാലങ്ങളിലുണ്ടാകുന്ന ഭേദഗതികളുടെയും ഹിന്ദിയിലുള്ള പരിഭാഷ എല്ലാ അർത്ഥത്തിലും ഇംഗ്ലീഷ് ഭാഷയിലുള്ളതുപോലെതന്നെ ആധികാരികമായ രേഖ ആയിരിക്കുമെന്ന് ഭരണഘടനയിലെ അനുച്ഛേദം 394 A-യിൽ അനുശാസിക്കുന്ന മാതൃകയിൽ നമ്മുടെ സഭാ ചട്ടങ്ങളുടെ മലയാള പരിഭാഷയും ആധികാരിക രേഖയായി അംഗീകരിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്. അപ്രകാരമുള്ള നടപടിക്രമം പൂർത്തീകരിക്കുന്നതുവരെ നിലവിൽ മലയാളം പരിഭാഷയുടെ ആമുഖത്തിൽ ചേർത്തിരിക്കുന്ന സ്റ്റാറ്റ്യൂട്ടറി പ്രസ്താവന ഒഴിവാക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ ശ്രീ. എ. പി. അനിൽകുമാർ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## VI. ധനകാര്യം

### 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ശ്രീ. മുരളി പെരുനെല്ലി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നികുതിഭാരം അടിച്ചേൽപ്പിക്കാതെ ജനങ്ങൾക്ക് ആശ്വാസം നൽകുന്ന ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. ജില്ലാശുപത്രികളിൽ ശിശുരോഗ തീവ്ര പരിചരണ വിഭാഗവും നവജാത ശിശുക്കൾക്കും കുട്ടികൾക്കും ഐ.സി.യു. സംവിധാനവും ആരംഭിച്ചതും ഓക്സിജൻ ലഭ്യത ഉറപ്പാക്കുകയും 18 വയസ്സിനുമുകളിലുള്ളവർക്ക് സൗജന്യ വാക്സിൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതും സ്വാഗതാർഹമാണ്. കാർഷിക വിളകളുടെ താങ്ങുവില ഉറപ്പാക്കുന്നതിനും കാർഷികാനുബന്ധ മേഖലയിൽ ഉൽപ്പാദനവർദ്ധനവ് ഉണ്ടാക്കുന്നതുൾപ്പെടെ നിരവധി നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. ഫയലുകളിൽ അതിവേഗം തീർപ്പ് കൽപ്പിക്കാനുള്ള നടപടിയും പൊതുമരാമത്ത് റോഡുകളെക്കുറിച്ചുള്ള പരാതി അറിയിക്കുന്നതിനുള്ള മൊബൈൽ ആപ്പ് സംവിധാനവും സർക്കാരിന്റെ നേട്ടങ്ങളാണ്. കാർഷിക-സുഗന്ധവിള സംസ്കരണത്തിന് സംവിധാനമേർപ്പെടുത്താനും പൊതുമേഖലാ സ്ഥാപനങ്ങളെ നവീകരിക്കാനും ഡിജിറ്റൽ റീ-സർവ്വേ പൂർത്തിയാക്കാനും നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. കോവിഡ് പ്രതിസന്ധി പരിഹരിക്കുന്നതിന് ഹ്രസ്വ-ദീർഘകാല പദ്ധതികൾ നടപ്പിലാക്കണം. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പ്രവാസികളുടെ പുനരധിവാസത്തിനും മുൻഗണന നൽകണം. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പുനരുദ്ധരിക്കണം. ബാംബു കോർപ്പറേഷൻ തൊഴിലാളികൾക്കുള്ള ഡി.എ. കുടിശ്ശിക കൊടുത്തുതീർക്കാനും തോട്ടം തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കാനും സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വിഹിതം കുറച്ച് പെട്രോളിന്റെ വിലവർദ്ധനവ് നിയന്ത്രിക്കാനും നടപടിയുണ്ടാകണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കോവിഡ് മഹാമാരിമൂലമുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിനായി പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ സാമ്പത്തിക പാക്കേജിനെ സ്വാഗതം ചെയ്യുന്നു. ആരോഗ്യരംഗത്ത് പുരോഗതി കൈവരിച്ചതും സൗജന്യ വാക്സിനായി തുക വകയിരുത്തിയതും തീരദേശ ജനതയെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. ഭാരതപ്പുഴയുടെയും കുന്തിപ്പുഴയുടെയും തീരപ്രദേശങ്ങളെ മലബാർ ലിറ്റററി സർക്യൂട്ടിൽ ഉൾപ്പെടുത്തണം.

ശ്രീ. കെ. പി. എ. മജീദ്: ബഡ്ജറ്റിനെ എതിർക്കുന്നു. നിരാശാജനകവും വികസനമുരടിപ്പിന്റെ സൂചകങ്ങൾ കൃത്യമായി വെളിവാക്കുന്നതുമായ ഈ ബഡ്ജറ്റിൽ കോവിഡ് കാലത്ത് ജനങ്ങളെ ബാധിച്ചിട്ടുള്ള ഗുരുതരമായ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഒരു നിർദ്ദേശവുമില്ല. വിദ്യാഭ്യാസം, കൃഷി, മറ്റ് അനുബന്ധ ആവശ്യങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയ്ക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സർക്കാർ പുനഃപരിശോധിക്കണം. പരപ്പനങ്ങാടി കോടതിക്ക് കെട്ടിടം നിർമ്മിക്കാനുള്ള നടപടിയുണ്ടാകണം.

ശ്രീ. പ്രമോദ് നാരായൺ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയെ നേരിടാൻ 20000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചത് അഭിനന്ദനാർഹമാണ്. സെന്റർ ഫോർ ഡിസീസ് കൺട്രോൾ മാതൃകയിൽ ഒരു സ്ഥാപനം ആരംഭിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനും കാരുണ്യ പോലുള്ള ചികിത്സാപദ്ധതികൾ ആരംഭിക്കാനും തയ്യാറാകണം.

ശ്രീ. അനൂപ് ജേക്കബ്: ബഡ്ജറ്റിനെ എതിർക്കുന്നു. കോവിഡ് മഹാമാരിമൂലമുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനുള്ള യാതൊരു നിർദ്ദേശവും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. നെല്ല് സംഭരണത്തിനായി കഴിഞ്ഞ

ബഡ്ജറ്റിൽ വകയിരുത്തിയ തുക വിനിയോഗിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. കാർഷികമേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണണം. കോവിഡ്-19-ന്റെ മൂന്നാം തരംഗം അതിജീവിക്കാനാവശ്യമായ നടപടി സമയബന്ധിതമായി സ്വീകരിക്കണം. നിർമ്മാണ മേഖലയിലെ പ്രതിസന്ധി മറികടക്കാനും തൊഴിൽ സംരക്ഷണത്തിനും നടപടിയുണ്ടാകണം. ഡിജിറ്റൽ ഡിവൈഡ് സംബന്ധിച്ച പ്രശ്നം പരിഹരിക്കണം. പെട്രോളിയം ഉൽപ്പന്നങ്ങളുടെ അധിക നികുതി ഒഴിവാക്കുന്നതിന് സർക്കാർ തയ്യാറാകണം.

ശ്രീ. കെ. ബി. ഗണേഷ്കുമാർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കോവിഡ് മഹാമാരിയിൽ നിന്നും ആരോഗ്യമേഖലയെ സംരക്ഷിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചത് സ്വാഗതാർഹമാണ്. വിക്ടേഴ്സ് ചാനലിലൂടെയുള്ള ക്ലാസുകൾ വിപുലപ്പെടുത്തണം. കാർഷികോൽപ്പന്നങ്ങൾ സംഭരിക്കാനുള്ള സംവിധാനവും നദി/അണക്കെട്ടുകളിൽനിന്നും മണൽ ശേഖരിക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. സർക്കാർ/സ്വകാര്യ മേഖലയിലെ പ്ലാന്റേഷൻ തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള നടപടിയുണ്ടാകണം. കൊല്ലം തീരദേശം മുതൽ അച്ചൻകോവിൽ-ആര്യങ്കാവ് വരെയുള്ള ടൂറിസം വികസനത്തിനും ആർ. ബാലകൃഷ്ണപിള്ളയുടെയും ഗൗരി അമ്മയുടെയും സ്മാരകം പണിയുന്നതിനും തുക മാറ്റിവച്ചത് സ്വാഗതാർഹമാണ്. എല്ലാ മേഖലകളിലും ചെലവ്

ചുരുക്കാനുള്ള നടപടിയുണ്ടാകണം. ആനകളെയും അവയെ പരിപാലിക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് പുതിയ പാക്കേജ് കൊണ്ടുവരണം.

<u>ശ്രീമതി ശാന്തകുമാരി. കെ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. 20000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചതും സൗജന്യ വാക്സിന് 1000 കോടി രൂപയും അനുബന്ധ ഉപകരണങ്ങൾക്ക് 500 കോടി രൂപ വകയിരുത്തിയതും ലൈഫ് മിഷൻ പദ്ധതിയിലെ സാമ്പത്തിക സഹായം 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതും സർക്കാരിന്റെ സാമൂഹ്യപ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ജനസംഖ്യാനുപാതികമായി ഫണ്ട് മാറ്റിവച്ചതും അബ്രാഹ്മണരെ ശാന്തിക്കാരായി നിയമിച്ചതും ശ്ലാഘനീയമാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി ഉയർത്തുന്നതിനും പാലക്കാട് ജില്ലയ്ക്കാവശ്യമായ കൊയ്ത്തുയന്ത്രങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. യു. എ. ലത്തീഫ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കർഷക സംരക്ഷണത്തിന് നിയമനിർമ്മാണം നടത്താനും പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ പേരിൽ വിദ്യാഭ്യാസ ഗവേഷണ കേന്ദ്രം സ്ഥാപിക്കാനും മുൻകയ്യെടുക്കണം. മഞ്ചേരി മെഡിക്കൽ കോളേജിൽ നോൺ-കോവിഡ് ഒ.പി.-യും ചികിത്സയും അടിയന്തരമായി പുനരാരംഭിക്കണം. പയ്യനാട് സ്റ്റേഡിയത്തിൽ

സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനും അന്താരാഷ്ട്ര നിലവാരമുള്ള കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എം. മുകേഷ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി 2800 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി 8300 കോടി രൂപയും വകയിരുത്തിയ നടപടിയും ആശുപത്രികളിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കാനുള്ള തീരുമാനവും അഭിനന്ദനാർഹമാണ്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് തുക വർദ്ധിപ്പിച്ചതും കൊല്ലത്ത് ആധുനിക ബസ് സ്റ്റാൻഡ് നിർമ്മിക്കുന്നതിന് കിഫ്ബിയുമായി ചേർന്ന് പദ്ധതി രൂപീകരിച്ചതും ശ്ലാഘനീയമാണ്. കോവിഡ് മഹാമാരിമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കലാ-സാംസ്കാരിക പ്രവർത്തകർക്ക് ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. അൻവർ സാദത്ത്: ബഡ്ജറ്റിനെ എതിർക്കുന്നു. വെള്ളപ്പൊക്ക നിയന്ത്രണത്തിന് സമഗ്ര പാക്കേജ് പ്രഖ്യാപിക്കുകയും ബഡ്ജറ്റിൽ പ്രഖ്യാപിച്ച വെള്ളപ്പൊക്ക മുന്നൊരുക്ക നിർദ്ദേശങ്ങൾ നടപ്പാക്കുകയും വേണം. ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് കൂടുതൽ തുക വകയിരുത്തണം. കാർഷിക വിളകൾ നേരിട്ട് സംഭരിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കണം. കന്യാസ്ത്രീകളെയും വൈദികരെയും സാമൂഹികപെൻഷൻ പദ്ധതിയിൽ

ഉൾപ്പെടുത്താനും ഭക്ഷ്യകിറ്റുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാനും നടപടിയുണ്ടാകണം. കോവിഡ് നെഗറ്റീവായതിനുശേഷവും യുവജനങ്ങൾ മരണപ്പെടുന്നത് സംബന്ധിച്ച് പഠിക്കുന്നതിനും ആശുപത്രികളിൽ കൂടുതൽ വെന്റിലേറ്ററുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എച്ച്. സലാം: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പൊതുവിതരണ സമ്പ്രദായം വിപുലപ്പെടുത്തിയതും പൊതുമരാമത്ത് റോഡുകൾ നവീകരിച്ചതും കുടിവെള്ള കണക്ഷനുകളും വൈദ്യുതി ഉല്പാദനവും വർദ്ധിപ്പിച്ചതും കഴിഞ്ഞ ഗവൺമെന്റിന്റെ വികസന നേട്ടങ്ങളാണ്. പ്രവാസിക്ഷേമത്തിന് കൂടുതൽ തുക വിനിയോഗിച്ചതും സ്റ്റാർട്ട്-അപ് കമ്പനികൾ ആരംഭിച്ചതും നെൽകൃഷി വിസ്തൃതി വർദ്ധിപ്പിച്ചതും ലൈഫ് പദ്ധതിയിലൂടെ വീടുകൾ നൽകിയതും പൊതുവിദ്യാലയങ്ങളെ മികവുറ്റതാക്കി കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിഞ്ഞതും സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ്. കിഫ്ബി വഴി സമസ്ത മേഖലകളിലും വികസന പ്രവർത്തനങ്ങൾ നടത്തുന്ന നടപടിയും രണ്ടാം കോവിഡ് പാക്കേജിനായി 20,000 കോടി രൂപയും തീരദേശ സംരക്ഷണത്തിനായി 5,300 കോടി രൂപയും അനുവദിച്ചതും സ്വാഗതാർഹമാണ്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കോവിഡ് പ്രതിസന്ധിമൂലം സംസ്ഥാനത്തിന്റെ ആഭ്യന്തരോല്പാദനവും പൊതുവരുമാനവും കുറഞ്ഞ സാഹചര്യത്തിൽ അർഹതപ്പെട്ട ജി.എസ്.ടി. നഷ്ടപരിഹാരം നൽകാത്ത കേന്ദ്ര നിലപാട് പ്രതിഷേധാർഹമാണ്. സമസ്ത മേഖലകളിലും വികസനം ഉറപ്പാക്കിയതും ആരോഗ്യമേഖലയ്ക്ക് പ്രഥമ പരിഗണന നൽകിയതും കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകിയതും സ്വാഗതാർഹമാണ്. തിരുവമ്പാടി പഴം പച്ചക്കറി സംഭരണ-സംസ്കരണ കയറ്റുമതി യൂണിറ്റ് പ്രവർത്തനക്ഷമമാക്കാനും തിരുവമ്പാടി മണ്ഡലത്തിൽ അഗ്രോ പാർക്ക് അനുവദിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. വന്യമൃഗശല്യം തടയുന്നതിനും ആനക്കാംപൊയിൽ തുരങ്കപാതയുടെ നിർമ്മാണം പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണം. കുടുംബശ്രീ മുഖാന്തരം പലിശരഹിത വായ്പ നൽകിയതും തൊഴിലുറപ്പ് പദ്ധതിയിൽ അധിക തൊഴിൽദിനങ്ങൾ അനുവദിച്ചതും ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തതും അഭിനന്ദനാർഹമാണ്. വാക്സിൻ സൗജന്യമായി നൽകുന്നതിനായി 1000 കോടി രൂപ നീക്കിവച്ച നടപടി പ്രശംസനീയമാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ദീർഘകാലാടിസ്ഥാനത്തിലുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. കാർഷിക വിളകളുടെ താങ്ങുവില ഉറപ്പാക്കിയും നെല്ലിന്റെ സംഭരണ

വില വർദ്ധിപ്പിച്ചും കാർഷികാനുബന്ധമേഖലയിൽ ഉൽപ്പാദന വർദ്ധനവുണ്ടാക്കുന്നതുമുൾപ്പെടെയുള്ള നിരവധി നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. ബയോ ഡൈവേഴ്സിറ്റി സർക്യൂട്ടിൽ പരവൂരിനെ ഉൾപ്പെടുത്താനും സർക്കാർ ഓഫീസുകൾ സ്മാർട്ടാക്കുന്നതോടൊപ്പം അക്രഡിറ്റേഷൻ സംവിധാനമേർപ്പെടുത്താനും മുൻകയ്യെടുക്കണം.

ശ്രീ. പി. വി. ശ്രീനിജിൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കോവിഡാനന്തര കേരളത്തിന്റെ സാമൂഹിക/സാമ്പത്തിക/ആരോഗ്യ രംഗത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള ബഡ്ജറ്റാണിത്. സുസ്ഥിര വികസന സൂചികയിൽ കേരളത്തിന് പ്രാതിനിധ്യം നേടാൻ സാധിച്ചത് സർക്കാരിന്റെ മികച്ച പ്രവർത്തനത്തിനുള്ള തെളിവാണ്. ഉന്നത വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തി വിജ്ഞാന സമ്പദ്‌വ്യവസ്ഥയുടെ വികസന മുന്നേറ്റം ത്വരിതപ്പെടുത്തുന്നതോടൊപ്പം ആനുകൂല്യം താഴെത്തട്ടിലെ ജനവിഭാഗങ്ങൾക്കുകൂടി ലഭ്യമാക്കണം. സാർവ്വത്രിക ആരോഗ്യ സംരക്ഷണമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. പുതുതായി പ്രഖ്യാപിച്ച സംഭരണ സംവിധാനങ്ങളും ധനസഹായ/വായ്പാ പദ്ധതികളും കാർഷികമേഖലയിലെ പ്രതിസന്ധികൾക്ക് പരിഹാരമേകും. സ്ത്രീ ശാക്തീകരണവും വികസനമുന്നേറ്റവും സർക്കാരിന്റെ മുഖമുദ്രയാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : ബഡ്ജറ്റിനെ എതിർക്കുന്നു.

കേരളത്തിന്റെ സാമ്പത്തിക തകർച്ചയെക്കുറിച്ച് പരിശോധിക്കണം. കോവിഡ് മഹാമാരിമൂലം കടക്കെണിയിലായ കച്ചവടക്കാർക്കും പ്രവാസികൾക്കും ആശ്വാസമേകുന്ന പദ്ധതികൾ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടില്ല. വിദേശത്തുവച്ച് കോവിഡ് ബാധിച്ച് മരിക്കുന്നവരുടെ കുട്ടികളെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനും പ്രീ-പ്രൈമറി അധ്യാപകർക്ക് ശമ്പളം നൽകാനുമാവശ്യമായ നടപടി സ്വീകരിക്കണം. .

ശ്രീ. എം. എസ്. അരുൺകുമാർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. 20000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജുൾപ്പെടെ ആരോഗ്യ മേഖലയിൽ നിരവധി പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ബഡ്ജറ്റാണിത്. കോവിഡ് പ്രതിസന്ധിക്കിടയിലും ഭക്ഷ്യകിറ്റും ക്ഷേമ പെൻഷനുകളും കുടിശ്ശികയില്ലാതെ വിതരണം ചെയ്തതും ലൈഫ് മിഷൻ പദ്ധതിയിലൂടെ എല്ലാവർക്കും വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞതും പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. സമസ്ത മേഖലകളെയും സ്പർശിക്കുന്ന ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ബഡ്ജറ്റിനെ എതിർക്കുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും കർഷകരുടെയും ആദിവാസികളുടെയും വിദ്യാർത്ഥികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വയനാട്

പാക്കേജ് പ്രഖ്യാപിക്കാൻ തയ്യാറാകണം. മോറട്ടോറിയം കാലയളവിൽ അമിതപലിശ ഈടാക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ നടപടി അവസാനിപ്പിക്കണം. കഴിഞ്ഞ ബഡ്ജറ്റിൽ കാപ്പിക്കുരുവിന് പ്രഖ്യാപിച്ച തറവില നൽകാൻ നടപടിയുണ്ടാകണം. ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങളൊരുക്കാനും പട്ടികവർഗ്ഗ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനും നടപടി സ്വീകരിക്കണം. കിഫ്ബി മുഖേന പ്രഖ്യാപിച്ച പദ്ധതികൾ പൂർത്തീകരിക്കാനും ടൂറിസം മേഖലയിൽ കൂടുതൽ തുക വകയിരുത്താനും തയ്യാറാകണം.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ആരോഗ്യരംഗത്ത് ശ്രദ്ധകേന്ദ്രീകരിച്ച് കോവിഡ് മഹാമാരിയെ അതിജീവിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒന്നാം സാമ്പത്തിക പാക്കേജ് വഴി ക്ഷേമപെൻഷനുകൾ മുൻകൂറായി നൽകാനും കുടുംബശ്രീ മുഖേന വായ്പകൾ അനുവദിക്കാനും ഭക്ഷ്യധാന്യലഭ്യത ഉറപ്പാക്കാനും ആരോഗ്യ സംവിധാനം മെച്ചപ്പെടുത്താനും സാധിച്ചു. കോവിഡ് കാരണം വരുമാനദായകരായ അംഗങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങളെക്കൂടി സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തണം. മെഡിക്കൽ കോളേജുകളിൽ ഐസൊലേഷൻ ബ്ലോക്കുണ്ടാക്കാനും ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കാനും കുട്ടികളുടെ ചികിത്സയ്ക്കായുള്ള സംവിധാനമൊരുക്കാനും വാക്സിൻ

യൂണിറ്റുകൾ സ്ഥാപിക്കാനുമുള്ള തീരുമാനങ്ങൾ സ്വാഗതാർഹമാണ്. വിദ്യാഭ്യാസ സംരക്ഷണ യജ്ഞവും ഹരിത കേരളം, ആർദ്രം, ലൈഫ് മിഷൻ എന്നീ പദ്ധതികളും വിജയകരമായി നടപ്പാക്കാൻ സർക്കാരിന് സാധിച്ചു. മൊബൈൽ ഫോൺ, ലാപ്ടോപ്, ഇന്റർനെറ്റ് സൗകര്യങ്ങളില്ലാത്ത കുട്ടികളുടെ കണക്ക് ശേഖരിച്ച് വിവിധ കോർപ്പറേഷനുകൾ വഴി ഇവ നൽകാനുള്ള നടപടി അഭിനന്ദനാർഹമാണ്. ജി.എസ്.ടി. കോമ്പൻസേഷൻ ലഭ്യമാക്കാനും നികുതി വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കാനും നടപടി സ്വീകരിക്കണം.

സഭ ഉച്ചയ്ക്കുശേഷം 3.27-ന് പിരിഞ്ഞു.

******